## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ 17/7/2012- ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ: 7417

### നവീന അറവുശാലകൾ നിർമ്മിക്കുന്നതിന് പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എം.ചന്ദ്രൻ : | | | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാനത്ത് നവീന അറവുശാലകൾ നിർമ്മിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഇതിനായി എന്തു തുകയാണ് വകയിരുത്തിയിട്ടുള്ളതെന്നും ഏതിനത്തിലാണ് തുക വകയിരുത്തിയിട്ടുള്ളതെന്നും അറിയിക്കുമോ ; | (ബി) | വാർഷിക പദ്ധതി വിഹിതം ഉൾപ്പെടുത്തി ശാസ്ത്രീയമായ രീതിയിൽ അറവുശാലകൾ സ്ഥാപിക്കുന്നതിന് സർക്കാർ ധനസഹായം അനുവദിക്കുന്നുണ്ട്. 2012-13 സാമ്പത്തിക വർഷത്തിൽ ഓരോ ഗ്രാമപഞ്ചായത്തിനും 25 ലക്ഷം രൂപ വീതം അഞ്ചു കോടി രൂപ നൽകുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ 1500 ലക്ഷം രൂപ നഗരപ്രദേശങ്ങളിലും നൽകിയിട്ടുണ്ട്. ആധുനിക അറവുശാല നിർമ്മാണം എന്ന ഇനത്തിലാണ് തുക വകയിരുത്തിയിട്ടുള്ളത്. |
| (സി) | സംസ്ഥാനത്ത് ഏതെല്ലാം പ്രദേശങ്ങളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ? | (സി) | സംസ്ഥാനത്ത് 21 നഗരസഭകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് . ഗ്രാമപ്രദേശങ്ങളിൽ ഓരോ സാമ്പത്തിക വർഷവും ഗ്രാമപഞ്ചായത്തുകളിൽ നിന്നും അപേക്ഷ സ്വീകരിച്ച് ജനസംഖ്യ, ജനസാന്ദ്രത, സ്ഥലലഭ്യത, അധിക തുക ചെലവഴിക്കുന്നതിനുള്ള ഫണ്ടിന്റെ ലഭ്യത എന്നീ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ മുൻഗണന നിശ്ചയിച്ച് തെരഞ്ഞെടുക്കുന്ന ഗ്രാമപഞ്ചായത്തുകളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ